# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1146 11.06.2019 ൽ മറുപടിക്ക്**

**ദേശീയപാത വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

എ) സംസ്ഥാനത്തെ ദേശീയപാത നാലുവരിയാക്കാനുള്ള പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഇടപെടൽ പുതിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

ബി) 2021-ൽ ദേശീയ പാത വികസനം പൂർത്തിയാക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് കേന്ദ്ര സർക്കാർ തീരുമാനം തിരിച്ചടിയാകുമോ;

എ) & ബി) ദേശീയപാത അതോറിറ്റിയുടെ 02.05.2019 ലെ NHAI/OSD to Chairman /04/2019 കത്ത് പ്രകാരം ഭാരത് മാല പരിയോജനയിൽ ഉൾപ്പെട്ട ദേശീയപാത വികസനത്തെ മുൻഗണനാക്രമം നിശ്ചയിച്ച് രണ്ട് വിഭാഗങ്ങളാക്കിയതായും രണ്ടാം വിഭാഗത്തിൽ ഉൾപ്പെട്ടവയുടെ ലാന്റ് അക്വിസിഷൻ നടപടികൾ നിർത്തിവയ്ക്കാനും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. കേരളത്തിൽ കാസർഗോഡ് ജില്ലയിലെ രണ്ട് റീച്ചുകൾ ഒഴികെ ഭൂമിയെടുപ്പ് പുരോഗതിയിലുള്ള എല്ലാ റീച്ചുകളും രണ്ടാം മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയതായാണ് NHAI യും കത്തിൽ പറഞ്ഞത്. ഈ വിവരം അറിഞ്ഞ ഉടൻ തന്നെ ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും തീരുമാനം പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് കേന്ദ്രമന്ത്രി നിധിൻ ഗഡ്കരിക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി കത്തയയ്ക്കുകയും ചെയ്തു. വകുപ്പ് സെക്രട്ടറിയെ ഡൽഹിയിൽ അയച്ച് ഉദ്യോഗസ്ഥതലത്തിൽ ചർച്ച നടത്തുകയും ചെയ്തു. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ മുൻ നിർദ്ദേശത്തിൽ ചെറിയ ഭേദഗതി മാത്രമാണ് NHAI വരുത്തിയത്. ലാന്റ് അക്വിസിഷൻ ഉപേക്ഷിച്ചതായി കണക്കാക്കേണ്ടതില്ലെന്നും, ഭൂമിയെടുപ്പിന്റെ പുരോഗതി അറിയിക്കുന്നതനുസരിച്ച് NHAI

ഹെഡ്ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിനനുസരിച്ച് തുടരാമെന്നാണ് അവരുടെ റീജിയണൽ ഓഫീസർമാരെ അറിയിച്ചിട്ടുള്ളത്. നിലവിൽ അവർ നിശ്ചയിച്ച മുൻഗണനാ ലിസ്റ്റിൽ യാതൊരു മാറ്റവും വരുത്തിയതായി സംസ്ഥാന സർക്കാരിന് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ഇക്കാര്യം ചൂണ്ടിക്കാട്ടി ബഹു.മുഖ്യമന്ത്രിയും പൊതുമരാമത്ത് മന്ത്രിയും വീണ്ടും കേന്ദ്രമന്ത്രിക്കും NHAI യ്ക്കും കത്തുകൾ നൽകിയിട്ടുണ്ട്.

2021 ൽ ദേശീയപാത നാലുവരിപ്പാത വികസനം പൂർത്തീകരിക്കണമെന്നാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടത്. എന്നാൽ NHAI/MoRTH സ്വീകരിക്കുന്ന നിലപാടുകൾ ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തടസ്സമാകുമോയെന്ന് സംശയിക്കുന്നു.

| | |
|---|---|
| സി) ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ നിർത്തിവെച്ചിരിക്കുകയാണോ; എങ്കിൽ ഇത് പുനരാരംഭിക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ നിലവിൽ നിർത്തിവെച്ചിരിക്കുകയാണ്. സ്ഥലമെടുപ്പുമായി മുന്നോട്ട് പോകുന്നതിനുള്ള അംഗീകാരത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ റീജിയണൽ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുമായി മുന്നോട്ട് പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ